# പതിനാറാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## ബുള്ളറ്റിൻ ഭാഗം – II

## 2026 ഒക്ടോബർ 07

**നമ്പർ : 60**

**2026 ഒക്ടോബർ 12 – ന് ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ. റോജി എം. ജോൺ ചട്ടം 118 അനുസരിച്ച് താഴെപ്പറയുന്ന പ്രമേയം അവതരിപ്പിക്കുന്നതാണ്.**

സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ സ്വകാര്യ സർവ്വകലാശാലകൾ സ്ഥാപിക്കുന്നതിനും ഏകാംഗീകരിക്കുന്നതിനും അവയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും വേണ്ടിയാണ് 2025 - ലെ കേരള സ്വകാര്യ സർവ്വകലാശാല (സ്ഥാപനവും നിയന്ത്രണവും) ബിൽ 25.03.2025 - ന് കേരളനിയമസഭ പാസ്സാക്കി 21.04.2025 - ന് ബഹു. ഗവർണറുടെ അംഗീകാരത്തിനായി സമർപ്പിച്ചത്. ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 200 പ്രകാരം ബഹു. ഗവർണർ പ്രസ്തുത ബിൽ ബഹു. രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി നീക്കിവയ്ക്കുകയുണ്ടായി.

ബഹു. രാഷ്ട്രപതിയുടെ പരിഗണനയിലുള്ള ബില്ലിലെ ചില വ്യവസ്ഥകൾ പ്രത്യേകിച്ച് ഭൂമിയുടെ നിർബന്ധിത ഉടമസ്ഥത/കൈവശാവകാശം, നിർബന്ധിത സുരക്ഷാ/സ്ഥിര നിക്ഷേപം എന്നിവ സംബന്ധിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽ നിന്നും സംസ്ഥാന സർക്കാറിനോട് ചില സ്പഷ്ടീകരണങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ നിലവിലെ നിയമനിർമ്മാണവുമായി മുന്നോട്ട് പോകുവാൻ സർക്കാർ ഉദ്ദേശിക്കുന്നില്ലായെന്നും 2025 - ലെ കേരള സ്വകാര്യ സർവ്വകലാശാല (സ്ഥാപനവും നിയന്ത്രണവും) ബിൽ മടക്കി നൽകാൻ അഭ്യർത്ഥിക്കുന്ന പ്രമേയം നിയമസഭ മുൻപാകെ അവതരിപ്പിക്കാൻ 16.09.2026 - ലെ മന്ത്രിസഭായോഗം തീരുമാനിക്കുകയും ചെയ്തു.

ആയതിനാൽ ബഹു. രാഷ്ട്രപതിയുടെ പരിഗണനയിലിരിക്കുന്ന 2025 - ലെ കേരള സ്വകാര്യ സർവ്വകലാശാല (സ്ഥാപനവും നിയന്ത്രണവും) ബിൽ മടക്കി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ബഹു. ഗവർണർ മുഖേന കേന്ദ്ര സർക്കാരിനോട് ഈ സഭ ആവശ്യപ്പെടുന്നു.

**ഷാജി സി. ബേബി,**

**സെക്രട്ടറി-ഇൻ-ചാർജ്.**